"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ്- പ്ലാനിംഗ് വിഭാഗം - ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി. മിറ്റ്സി തോമസ് - ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.1999/2022/LSGD തീയതി,തിരുവനന്തപുരം, 17-08-2022

---

പരാമർശം:-

1. 05.10.2021 തീയതിയിലെ സ.ഉ(സാധാ) നം.1910/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. മുഖ്യ നഗരാസൂത്രകന്റെ 07.07.2022 തീയതിയിലെ TCPCTP/1 l84/2022-A3 നമ്പർ കത്ത്.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 08.06.2022 തീയതിയിലെ GE11/A/TPM-26/69213/190 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച് 08.10.2021 പൂർവാഹ്നം സേവനത്തിൽ പ്രവേശിച്ച ശ്രീമതി. മിറ്റ്സി തോമസ് , ടി തസ്തികയിലെ നിരീക്ഷണ കാലയളവായ തുടർച്ചയായ ഒരു വർഷത്തിൽ 6 മാസത്തെ സേവനം പൂർത്തിയായിട്ടുള്ളതായും ടിയാരിയുടെ നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും മുഖ്യ നഗരാസൂത്രകൻ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. നിരീക്ഷണ കാലയളവിൽ ശ്രീമതി. മിറ്റ്സി തോമസിന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാരിയുടെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടിയോ ഇല്ലായെന്നും മുഖ്യ നഗരാസൂത്രകൻ(പ്ലാനിംഗ്) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്

2.ടിയാരി നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന തരത്തിൽ 14 ദിവസത്തെ അവധി വിനിയോഗിച്ചതായി പരാമർശം (3) പ്രകാരം അക്കൗണ്ടന്റ് ജനറൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 08.10.2021 പൂർവാഹ്നം ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ശ്രീമതി. മിറ്റ്സി തോമസിന്റെ ടി തസ്തികയിലെ നിരീക്ഷണകാലം 14 ദിവസത്തെ അവധി കൂടി പരിഗണിച്ച് കെ.എസ്.&എസ്.എസ്ആർ റൂൾ 20 (ബി) പ്രകാരം 22.04.2022 പൂർവ്വാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAISY PAUL

അണ്ടർ സെക്രട്ടറി

<u>പകർപ്പ്</u>

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

ശ്രീമതി. മിറ്റ്സി തോമസ്, ഡെപ്യൂട്ടി ടൗൺ പ്ലാനർ (മുഖ്യനഗരാസൂത്രകൻ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/126/2022-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by Sonu Jacob
Date: 19-08-2022 10:58:59

സെക്ഷൻ ഓഫീസർ